Web : www.keralapcb.org
Telephone/Fax : 0477-2235384

# കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ജില്ലാ ഓഫീസ്, ആലപ്പുഴ

# KERALA STATE POLLUTION CONTROL BOARD
DISTRICT OFFICE, ALAPPUZHA

തോണ്ടൻകുളങ്ങര, തത്തംപള്ളി പി.ഒ., ആലപ്പുഴ - 688 013, Thondankulangara, THATHAMPALLY P.O., ALAPPUZHA - 688 013

In reply please refer to:- പി.സി.ബി/എ.എൽ.പി/യുസിഒ-5474/17 01.01.2019

CO No.11

സൂചന: 1) 20.10.2017 തിയതിയിൽ ഓൺലൈനായി സമർപ്പിച്ച അപേക്ഷ.
2) 20.03.2018 ലെ ഇതേ നമ്പർ കത്ത്.
3) സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, ആലപ്പുഴയുടെ 20.05.2018 തിയതി വച്ച എഫ്.1746/18 നമ്പർ നടപടിക്രമം.
4) 13.08.2018 ലെ ഇതേ നമ്പർ അടച്ചുപൂട്ടാനുദ്ദേശിച്ചു കൊണ്ടുള്ള നോട്ടീസ്.

Kerala State Pollution Control Board
DISTRICT OFFICE, ALAPPUZHA
DESPATCHED ON 8/1/19

## അടച്ചു പൂട്ടൽ ഉത്തരവ്

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ പ്രവർത്തിക്കുന്ന പമ്പ ബേക്കറി എന്ന സ്ഥാപനം ബോർഡിന്റെ അനുമതി പരിധിയിൽ വരുന്നതാണ്;

ടി സ്ഥാപനത്തിന് ജല (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1974, വായു (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1981, പരിസ്ഥിതി (സംരക്ഷണ) നിയമം, 1986 എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുവാൻ പൂർണ്ണബാധ്യതയുണ്ട്;

സൂചന (1) പ്രകാരം താങ്കൾ പ്രവർത്തനാനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷ ദൂരപരിധി പാലിക്കാത്തതിനാൽ സൂചന (2) പ്രകാരം നിരസിച്ചിട്ടുള്ളതാണ്.

യൂണിറ്റ് ബോർഡിന്റെ അനുമതി കരസ്ഥമാക്കാതെയാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. 04.05.2018 ൽ ഇതിന്മേൽ വിചാരണ നടക്കുകയും യൂണിറ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ബോർമ്മ മാറ്റി സ്ഥാപിക്കുന്നതിനും വേണ്ട മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സൂചന (3) പ്രകാരം 3 മാസത്തെ സമയം നൽകിയിരുന്നതാണ്.

മേൽ ഉത്തരവിൽ നാളിതുവരെ ക്രിയാത്മകമായി യാതൊരു നടപടികളും താങ്കൾ സ്വീകരിക്കാത്തതിനാൽ സൂചന (4) പ്രകാരം അടച്ചുപൂട്ടാനുദ്ദേശിച്ചുകൊണ്ടുള്ള നോട്ടീസ് നൽകിയിരുന്നതാണ്.

എന്നാൽ താങ്കൾ അനസ്യൂതം ബോർമ്മയിൽ നിന്നുള്ള മലിനീകരണം തുടർന്നുപോകയാൽ ജല (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1974,

Scanned by CamScanner

സെക്ഷൻ 33 (A), വായു (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1981, സെക്ഷൻ 31 (A) എന്നിവ പ്രകാരം താങ്കളുടെ ബോർമ്മ അടച്ചു പൂട്ടുവാൻ ബോർഡ് ഉത്തരവാകുന്നു.

2019 ജനുവരി മാസം 01-ാം തീയതി പുറപ്പെടുവിക്കുന്നത്

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനു വേണ്ടി

എൻവയോൺമെന്റൽ എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീമതി. മറിയാമ്മ അലക്സ്,
പമ്പാ ബേക്കറി,
നീരേറ്റുപുറം പി.ഒ.,
തലവടി.

പകർപ്പ് : 1) സെക്രട്ടറി,
തലവടി ഗ്രാമ പഞ്ചായത്ത്.
(ജല (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1974, സെക്ഷൻ 33 (A), വായു (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1981, സെക്ഷൻ 31 (A) എന്നിവ പ്രകാരം യൂണിറ്റ് അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക).

2) അസിസ്റ്റന്റ് എഞ്ചിനീയർ
കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ ഡിവിഷൻ,
എടത്വാ, ആലപ്പുഴ.
(ജല (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1974, സെക്ഷൻ 33 (A), വായു (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1981, സെക്ഷൻ 31 (A) എന്നിവ പ്രകാരം യൂണിറ്റിലേക്കുള്ള വൈദ്യുതി ബന്ധം വിച്ഛേദിക്കുക)

3) സബ് ഡിവിഷണൽ മജിസ്ട്രേറ്റ്,
ആലപ്പുഴ.

4) ശ്രീ.രഞ്ജിത്ത് ഗോവിന്ദൻ,
വിന്ദവില്ല,നീരേറ്റുപുറം,
ആലപ്പുഴ.

Scanned by CamScanner